LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ

163 (613) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളുടെ വിശദവിവരം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജീവനക്കാർക്ക് എത്ര ഗഡു ഡി.എ. നൽകുവാൻ അവശേഷിച്ചിരുന്നു ;

(സി) ഈ സർക്കാർ ഇതിനകം എത്ര ഗഡു ഡി.എ. അനുവദിച്ചിട്ടുണ്ട് ;

(ഡി) ഒരു കണ്ടക്ടർ 2006-ൽ സർവ്വീസിൽ പ്രവേശിക്കുമ്പോൾ ലഭിച്ചിരുന്ന ശമ്പളവും ഇപ്പോൾ സർവ്വീസിൽ പ്രവേശിക്കുന്ന കണ്ടക്ടർക്ക് ലഭിക്കുന്ന ശമ്പളവും എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 28-11-2008-ലെ സേവന-വേതനക്കരാർ അനുസരിച്ച് വേതനം പരിഷ്ക്കരിച്ചുനൽകിയിട്ടുണ്ട്. പ്രീ റിവൈസ്ഡ് സ്കെയിലിൽ 14%-വും റിവൈസ്ഡ് സ്കെയിലിൽ 64%-വും ഉൾപ്പെടെ ആകെ 78% ഡി.എ. അനുവദിച്ചിട്ടുണ്ട്.

(ബി) 29%

(സി) പ്രീ റിവൈസ്ഡ് സ്കെയിലിൽ 14%-വും റിവൈസ്ഡ് സ്കെയിലിൽ 64%-വും ഉൾപ്പെടെ ആകെ 78% ഡി.എ. അനുവദിച്ചിട്ടുണ്ട്.

(ഡി) 2006-ൽ കണ്ടക്ടറുടെ ശമ്പളം 4,682 രൂപ 1-1-2011-ലെ ശമ്പളം 7,848 രൂപ (ഒരുമാസം മുഴുവൻ ഡ്യൂട്ടിയും ചെയ്താൽ കിട്ടാവുന്ന പരമാവധി ശമ്പളം, കണ്ടക്ടർ II ഗ്രേഡ്)

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ

164 (614) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ നൽകുന്ന ചുമതല സർക്കാർ ഏറ്റെടുക്കണമെന്നുള്ള ആവശ്യം സർക്കാരിനുമുന്നിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആരെല്ലാമാണ് ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പെൻഷൻ നൽകുന്നതിനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ച് കെ.എസ്.ആർ.ടി.സി.യിൽനിന്നും കത്ത് ലഭിച്ചിട്ടുണ്ടോ ;